**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് - ബഡ്ജറ്റ് വിഹിതം 2019-20 - വിളക്കുടി ഗ്രാമ പഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷം പൊതു ആവശ്യ ഫണ്ടിന്റെ 9 മുതൽ 12 വരെ ഗഡുക്കളായും ബാക്കി തുകയായും അനുവദിച്ചതും ട്രാസ്ഫർ ക്രഡിറ്റ് ചെയ്യാൻ കഴിയാതിരുന്നതുമായ തുക പുനഃരനുവദിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (എസ്.എഫ്.സി സെൽ - എ) വകുപ്പ്**

സ.ഉ.(സാധാ) നം. 7381/2019/ധന തീയതി, തിരുവനന്തപുരം., 20 സെപ്റ്റംബർ 2019

---

പരാമർശം. 1) വിളക്കുടി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 27/05/2019-ലെ കത്ത്.
2) ട്രഷറി ഡയറക്ടറുടെ 01/09/2019-ലെ TRY/11909/2019-E2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2018-19 സാമ്പത്തിക വർഷം പൊതു ആവശ്യ ഫണ്ടിൽ വിളക്കുടി ഗ്രാമ പഞ്ചായത്തിന് അനുവദിച്ച 9 മുതൽ 12 വരെ ഗഡുക്കൾ തുകകളും പൊതു ആവശ്യ ഫണ്ടിന്റെ ബാക്കി തുകയും ചില സാങ്കേതിക പ്രശ്നങ്ങളാൽ സാംഖ്യയിൽ ബിൽ ജനറേറ്റ് ചെയ്ത് ട്രഷറിയിൽ നൽകുന്നതിന് സാധിച്ചില്ലായെന്നും ടി തുകകൾ പുനഃരനുവദിക്കണമെന്നും വിളക്കുടി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പരാമർശം (1 ) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2) വിളക്കുടി ഗ്രാമപഞ്ചായത്തിന് 2018-19 - ൽ അനുവദിച്ച പൊതു ആവശ്യ ഫണ്ടിന്റെ ആദ്യ 8 ഗഡുക്കളുടെ ബില്ലുകൾ മാത്രമേ ക്രെഡിറ്റ് ചെയ്തു നൽകിയിട്ടുള്ളൂവെന്ന് പരാമർശം (2) പ്രകാരം ട്രഷറി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും വിളക്കുടി ഗ്രാമപഞ്ചായത്തിന് 2018-19 സാമ്പത്തിക വർഷം പൊതു ആവശ്യ ഫണ്ടിന്റെ 9 മുതൽ 12 വരെ ഗഡുക്കളായും ബാക്കി തുകയായും അനുവദിച്ചതും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാൻ കഴിയാതിരുന്നതുമായ തുകയായ 45,41,809/- (നാൽപത്തി അഞ്ച് ലക്ഷത്തി നാൽപത്തി ഒന്നായിരത്തി എണ്ണൂറ്റി ഒൻപത് രൂപ

മാത്രം) '3604-00-88-(05)-35-NP' എന്ന കണക്ക് ശീർഷകത്തിൽ നിന്നും പുനഃരനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ ഒ.ബി.**
**ധനകാര്യ ഡെപ്യൂട്ടി സെക്രട്ടറി**

സ്വീകർത്താവ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
സെക്രട്ടറി, വിളക്കുടി ഗ്രാമ പഞ്ചായത്ത്
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
കമ്മീഷണർ, ഗ്രാമവികസന വകുപ്പ്, തിരുവനന്തപുരം
പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്(www.finance.kerala.gov.in)
ധനകാര്യ ( ബി.ഡബ്ല്യു-ജെ/ ഡെവലപ്. വിംഗ്) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ-1213468)

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ